**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.1365 | 06/02/2020 ൽ മറുപടിക്ക്

**വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങളെല്ലാം ഓൺലൈനായി അപേക്ഷിക്കുവാൻ ഉള്ള സൗകര്യം**

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങളെല്ലാം ഓൺലൈനായി അപേക്ഷിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി അപേക്ഷിക്കുവാൻ കഴിയുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് ഇ-ഡിസ്ട്രിക്ട് എന്ന പോർട്ടലാണ് ഉപയോഗിക്കുന്നത്. കൂടാതെ (അടിസ്ഥാന ഭൂനികുതി രജിസ്റ്റർ) ബി.റ്റി.ആർ ഡിജിറ്റൈസേഷൻ പൂർത്തിയായ 1653 വില്ലേജുകളിൽ ഭൂനികുതി അടയ്ക്കുന്നതിന് റവന്യൂ ഇ-പെയ്മെന്റ് എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് സേവനങ്ങൾ ഓൺലൈൻ വഴി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പോക്കുവരവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തി ലഘൂകരിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സേവനങ്ങളെല്ലാം ഓൺലൈൻ ആയി ലഭ്യമാകുന്നതോടെ സാധാരണ ജനങ്ങൾക്ക് ഇത് വഴി അപേക്ഷിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട സഹായങ്ങൾക്കുമായി വില്ലേജ് ഓഫീസുകളിൽ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | പൊതു ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; ഇതിന്റെ നിലവിലെ അവസ്ഥ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ